LIBRARY ARCHIVES Kerala Legislative Assembly

ആക്സിലറേറ്റഡ് ഇറിഗേഷൻ പദ്ധതി

135 [255] ശ്രീ. കെ. മുഹമ്മദാലി:

" എം. എ. ചന്ദ്രശേഖരൻ:

" ലൂഡി ലൂയിസ്:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികൾ ആക്സിലറേറ്റഡ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിനത്തിൽ സംസ്ഥാനത്തിന് എന്തു തുക കേന്ദ്ര സഹായമായി ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) (1) മൂവാറ്റുപുഴ ജലസേചന പദ്ധതി.

(2) കല്ലട ജലസേചന പദ്ധതി.

(ബി) എ.ഐ.ബി.പി. പ്രകാരം 2004-2005-ൽ സംസ്ഥാനത്തിന് 50 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിക്കുമെന്ന് കരുതുന്നു.

എം.വി.ഐ.പി. പദ്ധതി

136 [259] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.വി.ഐ.പി. പദ്ധതിയുടെ മെയിൻ കനാൽ, ബ്രാഞ്ച് കനാൽ, ഡിസ്ട്രിബ്യൂട്ടറി, മൈനർ ഡിസ്ട്രിബ്യൂട്ടറി ഇവ എത്ര കി.മീറ്റർ വീതമാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) അവയിൽ പണി തീർന്നത് എത്ര കിലോമീറ്റർ വീതം ആണ്; ഓരോന്നിന്റെയും വിശദാംശം വെളിപ്പെടുത്താമോ;

(സി) പണി തീർക്കാൻ അവശേഷിക്കുന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;